(ബി) ഫോം 'ജി'-യിൽ പറഞ്ഞിരിക്കുന്ന സ്ഥലത്ത് നിശ്ചിത കാലയളവിൽ വാഹനം നിർത്തിയിട്ടിരിക്കുകയായിരുന്നോ എന്ന കാര്യം ഡിപ്പാർട്ട്മെന്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇടയ്ക്കിടെ സ്ഥലം സന്ദർശിച്ച് അന്വേഷിച്ച് ഉറപ്പ് വരുത്തുന്നതാണ്.

(സി) 194607 ദിവസം.

(ഡി) ഫോം 'ജി'-യുടെ അടിസ്ഥാനത്തിൽ നിർത്തിയിടുന്ന മിക്ക വാഹനങ്ങൾക്കും പകരം വേറെ വാഹനങ്ങൾ ഓടിക്കുന്നതിനാൽ നികുതി നഷ്ടം ഉണ്ടാകുന്നതായി കരുതുവാൻ കഴിയില്ല. കൂടാതെ ഓടുന്ന വാഹനങ്ങൾക്കാണ് നികുതി ഏർപ്പെടുത്തിയിരിക്കുന്നതെന്നതിനാൽ ഇളവ് നൽകുന്ന നികുതി നഷ്ടമായി കണക്കാക്കുവാനും കഴിയില്ല. 2004-ൽ 6.27 കോടി രൂപ ഈ ഇനത്തിൽ നികുതിയിളവായി നൽകിയിട്ടുണ്ട്.

ആർ.ടി. ഓഫീസുകളിൽ സ്റ്റേഷനറി സാധനങ്ങളുടെ അപര്യാപ്തത

78 [565] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച ആർ.ടി. ആഫീസുകളുടെയും സബ് ആർ.ടി. ആഫീസുകളുടെയും എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇങ്ങനെ കമ്പ്യൂട്ടർവൽക്കരിച്ച ആർ.ടി. ആഫീസുകളിലും സബ് ആർ.ടി. ആഫീസുകളിലും സ്റ്റേഷനറി സാധനങ്ങൾ ലഭ്യമല്ലാത്തതുകാരണം പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ ലഭിക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം ആർ.ടി. ഓഫീസുകൾ പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്.

(ബി) സ്റ്റേഷനറി സാധനങ്ങൾ കിട്ടാതുകാരണം പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

വാഹനങ്ങളിൽ നെയിം ബോർഡ്

79 [566] ശ്രീ. ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വാഹനങ്ങളിൽ ആർക്കെല്ലാം നെയിം ബോർഡ് വയ്ക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്; ഇതിനുള്ള വ്യവസ്ഥകൾ വിശദമാക്കാമോ;

(ബി) സർക്കാർ വക വാഹനങ്ങളിൽ 'കേരള സർക്കാർ' എന്നുമാത്രം ബോർഡുകൾ സ്ഥാപിക്കുകയും ബന്ധപ്പെട്ട വകുപ്പുകളുടെ പേരുകൾ എഴുതാതിരിക്കുകയും ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാരിന്റെ അനുമതി ഇല്ലാതെ വാഹനങ്ങളിൽ സ്ഥാപനത്തിന്റെയോ, സ്ഥാപനങ്ങളുടെയോ നെയിം ബോർഡുകൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർക്കാർ വാഹനങ്ങളിൽ വാണിംഗ് ലാമ്പ് വയ്ക്കുന്നതിന് വ്യവസ്ഥകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ഇ) വ്യവസ്ഥകൾ ലംഘിച്ച് നെയിംബോർഡും, വാണിംഗ് ലാമ്പും ഉപയോഗിക്കുന്ന വാഹനങ്ങൾക്കെതിരെ സർക്കാർ നടപടികൾ സ്വീകരിക്കുന്നത് എപ്രകാരമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സർക്കാർ വകുപ്പുകളുടെ വാഹനങ്ങൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും, മന്ത്രിമാർക്കും, തത്തുല്യ പദവി ഉള്ളവർക്കും, എൻ.എൽ.എ.-മാർക്കും, നെയിം ബോർഡ് വയ്ക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. വ്യവസ്ഥകൾ അനുബന്ധം മൂന്നിൽ കൊടുത്തിട്ടുണ്ട്.†

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സർക്കാർ വാഹനങ്ങളിൽ വാണിംഗ് ലാമ്പ് അനുവദിക്കപ്പെട്ടിട്ടുള്ള വ്യക്തികളുടെയും ഇതിനുള്ള വ്യവസ്ഥകൾ വിശദമാക്കിക്കൊണ്ടുള്ളതുമായ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം മൂന്ന് (a & b) ആയി കൊടുത്തിട്ടുണ്ട്.††

(ഇ) വ്യവസ്ഥകൾ ലംഘിച്ച് ബോർഡും, ലൈറ്റും, നെയിംബോർഡും ഘടിപ്പിക്കുന്നവർക്കെതിരെ മോട്ടോർ വാഹന നിയമം 177-ാം വകുപ്പുപ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്.

അന്യ സംസ്ഥാന വാഹനങ്ങൾക്ക് പെർമിറ്റ്

80 [567] ശ്രീ. വി. ഡി. സതീശൻ:
„ കെ. മുഹമ്മദാലി:
„ സി. പി. മുഹമ്മദ്:
„ എം. എ. ചന്ദ്രശേഖരൻ:
„ പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാനത്തുള്ള വാഹനങ്ങൾക്ക് സംസ്ഥാനത്തുകൂടി സഞ്ചരിക്കുന്നതിനുള്ള എൻഡോഴ്സ്മെന്റ് ലഭിക്കുന്നതിന് എന്തു തുകയാണ് അടയ്ക്കേണ്ടത്;

(ബി) സംസ്ഥാനത്തുള്ള കോൺട്രാക്ട് ക്യാരേജുകൾക്ക് ശബരിമല ട്രിപ്പിനു പോകുന്നതിനുള്ള പെർമിറ്റ് ലഭിക്കുവാൻ എന്തു തുക നൽകണം;

(സി) ഈ വർഷം ശബരിമലയ്ക്ക് പോകുവാൻ എത്ര അന്യ സംസ്ഥാന വാഹനങ്ങളെത്തി.;

---

† അനുബന്ധം—III, †† അനുബന്ധം—III (a & b)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[3-2-2005-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *25 (114) കാണുക.]

കിൻഫ്ര സംസ്ഥാനത്തെ വ്യവസായ പാർക്കുകളിൽ നിക്ഷേപങ്ങൾ ആകർഷിക്കുവാൻവേണ്ടി വിവിധ ജില്ലകളിലായി വ്യവസായ പാർക്കുകൾ സ്ഥാപിച്ചുവരുന്നു. ഈ വ്യവസായ പാർക്കുകൾ സ്ഥാപിച്ച് കിൻഫ്ര സംസ്ഥാനത്ത് വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനുവേണ്ടി എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും നൽകിവരുന്നു. ഇതു കൂടാതെ കിൻഫ്രയുടെ എല്ലാ പാർക്കുകളിലും വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് കാലതാമസമില്ലാതെ ആവശ്യമായ ക്ലിയറൻസുകൾ ലഭ്യമാക്കുന്നതിനുവേണ്ടി ഏകജാലകം ക്ലിയറൻസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

കൂടാതെ കിൻഫ്ര വിവിധ വ്യവസായ പാർക്കുകളിലേക്ക് നിക്ഷേപകരെ ആകർഷിക്കുന്നതിനുവേണ്ടി കേരളത്തിനകത്തും പുറത്തും മാർക്കറ്റിംഗ് മീറ്റുകൾ നടത്തുകയും പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ വിവിധ വ്യവസായികളുമായി കിൻഫ്ര പാർക്കുകളിൽ വ്യവസായം തുടങ്ങുന്നതിനെക്കുറിച്ച് one-to-one മീറ്റിംഗുകളും നടത്തിയിട്ടുണ്ട്.

ഭക്ഷ്യസംസ്കരണ മേഖലയിലെ വ്യവസായ യൂണിറ്റുകൾക്കുവേണ്ടി ഗവൺമെന്റിന്റെ പത്താം പഞ്ചവൽസരപദ്ധതി പ്രകാരമുള്ള ധനസഹായം നൽകുന്നതിനുള്ള ഒരു നോഡൽ ഏജൻസിയായി കിൻഫ്ര പ്രവർത്തിക്കുന്നുണ്ട്.

ഇതുകൂടാതെ, ഭക്ഷ്യസംസ്ക്കരണ മേഖലയിലെ വ്യവസായങ്ങളുടെ പുരോഗതിക്ക് കൂടുതൽ ഊന്നൽ നൽകുവാൻ കിൻഫ്ര ആഡ്ഫിക്ക് എന്ന സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങളുടെ വികസനത്തിനും വളർച്ചയ്ക്കും കൂടാതെ കേരളത്തെ ഭക്ഷ്യസംസ്ക്കരണ വ്യവസായത്തിന്റെ ഒരു കേന്ദ്രമാക്കി മാറ്റാനുമാണ് ആഡ്ഫിക്ക് എന്ന സൊസൈറ്റി പ്രവർത്തിക്കുന്നത്.

കയറ്റുമതി വികസനത്തിന് വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഗവൺമെന്റിന്റെ ധനസഹായം സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പദ്ധതിയായ ASIDE-ന്റെ നോഡൽ ഏജൻസിയായും കിൻഫ്ര പ്രവർത്തിക്കുന്നുണ്ട്.

അനുബന്ധം III

[3-2-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 79 (566) കാണുക.]

1. സർക്കാർ വാഹനങ്ങളുടെ മുമ്പിലും പുറകിലും ചുവന്ന ബോർഡിൽ വെളുത്ത അക്ഷരത്തിൽ ആ വാഹനം ഏതു വകുപ്പിന്റെത് എന്ന് എഴുതിയിരിക്കണം.

2. മന്ത്രിമാരുടേയും തത്തുല്യ പദവി ഉള്ളവരുടേയും ഔദ്യോഗിക വാഹനങ്ങളിൽ ചുവന്ന പ്രതലത്തിൽ വെളുത്ത അക്ഷരത്തിൽ 'കേരള സ്റ്റേറ്റ്' എന്ന് എഴുതിയ ബോർഡ് വയ്ക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III—(തുടർച്ച)

3. പൊതുമേഖലാസ്ഥാപനങ്ങളിലെ വാഹനങ്ങൾക്ക് 'കേരള സ്റ്റേറ്റ്' എന്ന ബോർഡ് പ്രദർശിപ്പിക്കരുത്.

4. പൊതുമേഖലാ സ്ഥാപനങ്ങൾ/ബോർഡുകൾ ഇവയുടെ വാഹനങ്ങളിൽ മുൻഭാഗത്തായി ദീർഘചതുരാകൃതിയിലുള്ള ബോർഡിൽ മുകളിൽ സ്ഥാപനത്തിന്റെ പേരും അതിനു താഴെയായി 'എ സ്റ്റേറ്റ് ഗവൺമെന്റ് അണ്ടർടേക്കിംഗ്' എന്നും വാഹനത്തിന്റെ പിറകിൽ വൃത്താകൃതിയിലുള്ള ബോർഡിൽ കമ്പനിയുടെ പേരോ ചുരുക്കപ്പേരോ എഴുതേണ്ടതാണ്. ഇളം നീല പ്രതലത്തിൽ കറുത്ത അക്ഷരത്തിലാണ് രണ്ടു ബോർഡുകളും എഴുതി പ്രദർശിപ്പിക്കേണ്ടത്.

5. ഇങ്ങനെ പ്രദർശിപ്പിക്കുന്ന ബോർഡിലെ അക്ഷരങ്ങൾ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ 50-ാം ചട്ടം അനുശാസിക്കുന്ന വലിപ്പത്തിലും ഇംഗ്ലീഷ് അക്ഷരത്തിലും സ്വയം പ്രകാശിക്കുന്ന പെയിന്റിലുമായിരിക്കണം.

6. നിയമസഭാ സാമാജികർക്ക് അവരുടെ വാഹനങ്ങളിൽ 25 × 10 സെ. മീറ്റർ വലിപ്പത്തിൽ മുമ്പിലും പിറകിലും ബോർഡ് ഉപയോഗിക്കാവുന്നതാണ്. പ്രസ്തുത ബോർഡിൽ ചുവന്ന പ്രതലത്തിൽ 60 മി.മീറ്റർ പൊക്കത്തിലും 8 മി.മീറ്റർ ഘനത്തിലും വെള്ള അക്ഷരത്തിൽ എം.എൽ.എ. എന്നു രേഖപ്പെടുത്തേണ്ടതാണ്.

അനുബന്ധം III (a)

[3-2-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 79 (566) കാണുക.]

GOVERNMENT OF KERALA

Transport (B) Department

NOTIFICATION

G.O. (P) No. 32/2003/Tran. *Dated, Thiruvananthapuram, 16th July, 2003.*

S.R.O. No. 651/2003.—In pursuance of the powers under clause (iii) of the proviso to sub-rule (1) of Rule 108 and sub-rules (2), (3) and (4) thereof of the Central Motor Vehicles Rules, 1989 and in supersession of the Notification No. G.O. (P) No. 26/2001/Tran. dated the 3rd October, 2001 published as S.R.O. No. 914/2001 in the Kerala Gazette Extraordinary No. 1490 dated the 4th October, 2001, the Government of Kerala hereby specifies that vehicles carrying high dignitaries as specified in Schedule I below shall be permitted to use red light on the top front of the vehicle, that vehicles carrying the persons specified in Schedule II are permitted to use blue light with flasher at the centre on the top of the hood, that the vehicles specified in the Schedule III may be fitted with blue light with or without flasher and that the vehicles specified in Schedule IV are permitted to use multicoloured red, blue and white light, namely:—

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III (a)—(തുടർച്ച)

SCHEDULE I

1. The Government of Kerala
2. The Chief Minister of Kerala
3. The Speaker of the Kerala Legislative Assembly
4. The Chief Justice of the High Court of Kerala
5. Ministers of Kerala State
6. The Leader of Opposition of the Kerala Legislative Assembly
7. The Government Chief Whip
8. The Judges of the High Court of Kerala
9. The Deputy Speaker of the Kerala Legislative Assembly
10. The Chief Secretary to the Government of Kerala
11. The Lok Ayukta, Kerala State
12. The Upa Lok Ayukta, Kerala State
13. The Vice Chairman of the Central Administative Tribunal
14. The Advocate General, Kerala State
15. Mayors of the Municipal Corporations of the Kerala State

SCHEDULE II

1. The State Election Commissioner, Kerala State
2. District Collectors
3. All Police Officers of and above the rank of Superintendent of Police in-charge of Districts and on law and order duties
4. Principal District Judge
5. Revenue Divisional Officers (Sub-divisional Magistrate)
6. Sub-divisional Police Officers (on Law and Order duty)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III (a)—(തുടർച്ച)

SCHEDULE III

Vehicles escorting high dignitaries to be fitted with blue light with or without flasher.

SCHEDULE IV

(a) in Police Department,—

(i) Highway Police Vehicles.

(ii) Police Control Room Vehicles.

(iii) Flying Squad Vehicles.

(iv) Police Station Vehicles.

(b) in Motor Vehicles Department,—

Mobile Enforcement Squad Vehicles.

(c) in Fire Force Department,—

Fire tenders and vehicles of Fire Station.

By order of the Governor,

G. RAJASEKHARAN,

Secretary to Government.

Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

Rule 108 of the Central Motor Vehicles Rules, 1989 empowers the State Government to specify the high dignitaries for the purpose of the rule and to specify the motor vehicles on which the red, blue and multi coloured lights shall be fitted. The Government have decided to specify the high dignitaries in the State and also to specify the vehicles on which red, blue or multicoloured lights shall be used.

This notification is intended to achieve the above purpose.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III (b)

[3-2-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 79 (566) കാണുക.]

GOVERNMENT OF KERALA

Transport (B) Department

NOTIFICATION

G.O. (P) No. 22/2004/Tran. *Dated, Thiruvananthapuram, 27th May, 2004.*

S.R.O. No. 539/2004.—In exercise of the powers conferred by under sub-rule (4) of Rule 108 of the Central Motor Vehicles Rules, 1989, the Government of Kerala hereby permit the motor vehicles specified below which are designated for emergency duties of the Vikram Sarabhai Space Centre, Thiruvananthapuram to use multicoloured red, blue and white light and consequently make the following amendment to the notification issued under G.O. (P) No. 32/2003/Tran. dated 16th July, 2003 and published as S.R.O. No. 651/2003 in the Kerala Gazette Extraordinary No. 1306 dated the 17th July 2003, namely:—

AMENDMENT

In the Schedule IV to the said notification, after item (c) the following item shall be inserted, namely:—

"(d) in Vikram Sarabhai Space Centre,—

(i) KL 01 Z-9725 (Flat Bed Trailer)
(ii) KL 01 J-6092 (Semi Low Bed Trailer)
(iii) KL 01 G-5945 (Well Bed Trailer)
(iv) KBV 6943 (Well Bed Trailer)
(v) KBT 6589 (Well Bed Trailer)
(vi) KL 16 9040 (Well Bed Trailer)
(vii) KL 01 AC-2068 (Well Bed Trailer),".

By order of the Governor,

G. RAJASEKHARAN,

Secretary to Government.

LIBRARY ARCHIVES Kerala Legislative Assembly